(ഡി) ജലവൈദ്യുത പദ്ധതികളുടെ ഉൽപ്പാദനച്ചെലവും പ്രകൃതിവാതക പദ്ധതികളുടെ ഉൽപ്പാദനച്ചെലവും എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോഴുള്ള താപവൈദ്യുത നിലയങ്ങളിൽ ഉപയോഗിച്ചുവരുന്ന ഇന്ധനങ്ങളായ നാഫ്ത, ഡീസൽ ഓയിൽ, എൽ.എസ്.എച്ച്.എസ്. തുടങ്ങിയവ ഉപയോഗിച്ചുള്ള വൈദ്യുത ഉൽപ്പാദനത്തിന് വേണ്ടിവരുന്ന ചെലവ് പ്രകൃതിവാതകം ഉപയോഗിക്കുമ്പോൾ കുറയുന്നു. പരിസ്ഥിതി മലിനീകരണം താരതമ്യേന കുറവാണ്. കൽക്കരി ഉപയോഗിച്ചുള്ള പദ്ധതികളേക്കാൾ സ്ഥലം കുറച്ചുമതിയാകും. ആഗോള താപനത്തിന് കാരണമാകുന്ന ഹരിതവാതകങ്ങൾ പുറന്തള്ളുന്നത് ഇത്തരം പദ്ധതികളിൽ കുറവാണ്.

(സി) പ്രസ്തുത പദ്ധതികൾക്കാവശ്യമായ പ്രകൃതിവാതകം ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ അത്രയും ആഭ്യന്തര പ്രകൃതിവാതകം പൂർണ്ണമായും ലഭ്യമാകാൻ ഇടയില്ലാത്തതിനാൽ ഇറക്കുമതി ചെയ്യുന്ന വാതകത്തിന്റെ ലഭ്യതയും അന്വേഷിക്കുന്നുണ്ട്.

(ഡി) 5 മെഗാവാട്ട് വരെ ശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതിക്ക് യൂണിറ്റിന് 4.88 രൂപയും 5 മെഗാവാട്ടിന് മുകളിൽ 25 മെഗാവാട്ട്വരെ ശേഷിയുള്ള പദ്ധതികളിൽനിന്നുള്ള വൈദ്യുതിക്ക് യൂണിറ്റൊന്നിന് 4.16 രൂപയും സംസ്ഥാന റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുണ്ട്. പ്രകൃതിവാതക പദ്ധതികളിൽനിന്നുള്ള ചെലവ് ഇറക്കുമതി ചെയ്യുന്ന വാതകം ഉപയോഗിച്ചാണെങ്കിൽ അതിന്റെ ഇപ്പോഴത്തെ വിലയനുസരിച്ച് 8 മുതൽ 10 രൂപ വരെയും ആഭ്യന്തര വാതകം ഉപയോഗിച്ചാണെങ്കിൽ 3.50 മുതൽ 5 രൂപയും യൂണിറ്റൊന്നിന് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ

3 (6454) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്ക് സർക്കാർ നൽകുന്ന പ്രോത്സാഹനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) എനർജി പാർക്കുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ എത്രത്തോളം പുരോഗതി നേടാനായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ ശരാശരി വിതരണനഷ്ടം എത്ര ശതമാനമാണെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

1. വിവിധ മേഖലകളിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കിവരുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് നൽകി ആദരിക്കുന്നു.

2. വ്യവസായശാലകളിലും മറ്റ് സ്ഥാപനങ്ങളിലും ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായുള്ള പ്രോജക്ടുകൾക്ക് കെ.എഫ്.സി. മുഖാന്തിരം 6% നിരക്കിൽ വായ്പ നൽകിവരുന്നു.

3. ഊർജ്ജകാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകളുടെ പ്രചരണത്തിനായി സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 100 എൽ.ഇ.ഡി. വിളക്കുകൾവീതം സൗജന്യനിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്.

4. വിവിധ പരിപാടികളിൽക്കൂടി ഊർജ്ജസംരക്ഷണം മികച്ച രീതിയിൽ നടപ്പിലാക്കിയ വിജയികൾക്ക് ഊർജ്ജകാര്യക്ഷമത കൂടിയ ഉപകരണങ്ങളും പാരമ്പര്യേതരഊർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങളും സമ്മാനമായി നൽകുന്നു.

5. പാരമ്പര്യേതര ഊർജ്ജം ഉപയോഗിക്കുകവഴി ഊർജ്ജ സംരക്ഷണത്തിനായി അനെർട്ട് മുഖാന്തിരം സൗരവൈദ്യുതി പദ്ധതികൾ, ബയോഗ്യാസ് പ്ലാന്റുകൾ, സോളാർ വാട്ടർ ഹീറ്ററുകൾ, മെച്ചപ്പെട്ട വിറകടുപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം നൽകിവരുന്നു.

6. ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ലാഭപ്രഭ 2014 എന്ന ഒരു പദ്ധതി നടപ്പിലാക്കി. 2014 മാർച്ച് 1 മുതൽ മേയ് 31 വരെയാണ് ലാഭപ്രഭ 2014-ന്റെ പദ്ധതി കാലയളവ്. സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ സഹകരണത്തോടെ നടപ്പിലാക്കിയ ലാഭപ്രഭ 2014, ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന സമ്മാനപദ്ധതി പ്രകാരം നൽകുന്നു :

(i) പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നവർക്കെല്ലാം പ്രോത്സാഹന സമ്മാനമായി ഓരോ സി.എഫ്. വീതം.

(ii) പദ്ധതിയിൽ പങ്കാളികളായി തങ്ങളുടെ ശരാശരി ഉപഭോഗത്തേക്കാൾ ഉപഭോഗം പരമാവധി കുറയ്ക്കുന്ന ആദ്യത്തെ 5000 പേർക്ക് ഓരോ സൗരോർജ്ജ വീതവും പിന്നീടുള്ള 50000 പേർക്ക് ഓരോ സി. എഫ്. ലാമ്പും.

LIBRARY ARCHIVES Kerala Legislative Assembly

(iii) ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുകയും അവരുടെ വീടുകളിലെ വൈദ്യുതി ഉപഭോഗം 20 ശതമാനമെങ്കിലും കുറപ്പിക്കുകയും അതുവഴി ഏറ്റവുംകൂടുതൽ വൈദ്യുതിലാഭം വരുത്തുകയും ചെയ്യുന്ന ഓരോ റവന്യൂ ജില്ലയിലെയും ആദ്യത്തെ പത്ത് സ്കൂളുകൾക്ക് ഗ്രിഡുമായി ബന്ധിപ്പിക്കാവുന്ന (ഗ്രിഡ് ടൈഡ്) അഞ്ച് കിലോവാട്ടിന്റെ സൗരോർജ്ജ പ്ലാന്റ്.

(iv) 20 ശതമാനത്തിൽ കൂടുതൽ വൈദ്യുതി ലാഭം വരുത്തുകയും എന്നാൽ സമ്മാനം ലഭിക്കാതെയും പോകുന്ന സ്കൂളുകൾക്ക് ഇതേ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പകുതി ചെലവ് കെഎസ്ഇബി വഹിക്കും. സമ്മാനാർഹരാകുന്ന സ്കൂളുകളിലെ ലാഭപ്രഭ കോ-ഓർഡിനേറ്റർമാരായ അദ്ധ്യാപകർക്ക് പ്രോക്സാഹനമായി ഓരോ സൗരോർജ്ജ റാന്തലും ബഹുമതിപത്രവും നൽകും.

(ബി) കേന്ദ്ര സർക്കാരിന്റെ നവീന-നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ സാമ്പത്തികസഹായത്തോടെ സംസ്ഥാനത്ത് 17 റിന്യൂവബിൾ എനർജി പാർക്കുകൾ അനെർട്ട് മുഖാന്തിരം സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ ഒരെണ്ണം സംസ്ഥാനതലത്തിലുള്ളതും 5 എണ്ണം ജില്ലാതലത്തിൽപ്പെട്ടതും 11 എണ്ണം വിവിധ സ്ഥാപനങ്ങൾക്കുള്ളതുമാണ്.

(സി) നിലവിൽ ശരാശരി പ്രസരണ-വിതരണ നഷ്ടം 15 ശതമാനത്തോളമാണ്.

വൈദ്യുത സ്രോതസ്സുകളുടെ ഉൽപ്പാദനശേഷിയും ഉൽപ്പാദനവും

4 (6455) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതിബോർഡ് വൈദ്യുതോല്പാദനത്തിന് ഉപയോഗപ്പെടുത്തുന്ന സ്രോതസ്സുകളിൽ നിന്ന് പരമാവധി ഊർജ്ജോല്പാദനം നടത്താൻ സാധിക്കുന്നുണ്ടോ ; ഓരോ സ്രോതസ്സിൽ നിന്നും ഉല്പാദിപ്പിക്കാനാവുന്നതും ഇപ്പോൾ ഉല്പാദിപ്പിക്കുന്നതുമായ ഊർജ്ജത്തിന്റെ അളവ് സംബന്ധിച്ച വിശദവിവരം നല്കുമോ ;

(ബി) വൈദ്യുതിബോർഡ് ഇതുവരെ വ്യാവസായികമായി ചൂഷണം ചെയ്യാത്ത മറ്റേതെങ്കിലും ഊർജ്ജ സ്രോതസ് സംസ്ഥാനത്ത് ലഭ്യമാണോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നല്കുമോ ;

(സി) പ്രസ്തുത സ്രോതസ്സുകൾ ഇതുവരെയും ചൂഷണം ചെയ്യാനാവാത്തതിന്റെ കാരണം വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly